LIBRARY ARCHIVES Kerala Legislative Assembly

ശമ്പള കമ്മീഷൻ റിപ്പോർട്ട്

7 (1829) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നതിനായി ശമ്പള കമ്മീഷനെ നിയമിച്ചത് എന്നാണ് ;

(ബി) ശമ്പള കമ്മീഷൻ നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(സി) നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എങ്കിൽ എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നതിനായി 30-11-2013-ലെ സ.ഉ. (കൈ) നമ്പർ 583/2013/ധന. പ്രകാരം പത്താം ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിച്ചു.

(ബി&സി) ശമ്പള കമ്മീഷൻ നൽകിയ റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 13-8-2015-ലെ സ.ഉ.(കൈ) നമ്പർ 358/2015/ധന. പ്രകാരം മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത ഉപസമിതിയുടെ ഒരു യോഗം 3-12-2015-ൽ ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.

ആശ്രിത നിയമനം

8 (1830) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ആശ്രിതനിയമനംനല്കിയ ജീവനക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിഷേധിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നല്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ പുനസ്ഥാപിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?